ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വഖഫ് നിയമഭേദഗതിയിൽ കേന്ദ്ര സർക്കാർ ഏഴ് ദിവസത്തിനുള്ളിൽ നിലപാട് അറിയിക്കണമെന്ന് സുപ്രീം കോടതി. കേസ് അടുത്ത മാസം അഞ്ചിന് പരിഗണിക്കും.
   **The Supreme Court has asked the central government to file its response within seven days on the amendment to the Waqf Act, the case will be heard on the 5th of next month.**

2. ബില്ലുകളിൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്ക് സമയപരിധി നിശ്ചയിച്ച സുപ്രീം കോടതിയുടെ വിധിയെ ചോദ്യം ചെയ്ത് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.
   **Vice President Jagdeep Dhankhar today questioned recent ruling of the Supreme Court prescribing a timeline for the President.**

3. യമുന നദിയുടെ പുനഃരുജ്ജീവന പദ്ധതികളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.
   **A review meeting was held under the chairmanship of Prime Minister Narendra Modi on the rejuvenation projects of the Yamuna River.**

4. സ്മാർട്ട്ഫോൺ കയറ്റുമതിയിൽ റിക്കോർഡ് നേട്ടവുമായി ഇന്ത്യ, കഴിഞ്ഞ സാമ്പത്തികവർഷം രാജ്യം നടത്തിയത് 2 ലക്ഷം കോടി രൂപയുടെ കയറ്റുമതി.

India achieved a record in smartphone exports, the country exported Rs 2 lakh crore in the last financial year.

5. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് ഈ മാസം 21ന് കാസർഗോഡ് തുടക്കമാകും, മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
The fourth anniversary celebrations of the state government will begin in Kasaragod on the 21st of this month, and Chief Minister Pinarayi Vijayan will inaugurate it.

6. യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ ഓർമ്മ പുതുക്കി നാളെ ദുഃഖ വെള്ളി. പെസഹ വ്യാഴം ആചരിച്ച് രാജ്യത്തെ ക്രൈസ്തവ വിശ്വാസികൾ.
Tomorrow is Good Friday, remembering the suffering of Jesus Christ. Christians in the country observed Maundy Thursday.

7. ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ മുംബൈ ഇന്ത്യൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ ബാറ്റിങ്ങിനയച്ചു.
In IPL cricket, Mumbai Indians won the toss and put Sunrisers Hyderabad to bat.

&&&&&&&&&&&&&&&&&&

## EVE SC-WAQF

2025 ലെ വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്യും സ്റ്റേ ആവശ്യം ഉന്നയിച്ചുമുള്ള ഹർജികളിൽ ഏഴു ദിവസത്തിനുള്ളിൽ കേന്ദ്ര സർക്കാർ മറുപടി സമർപ്പിക്കണമെന്ന് സുപ്രീം കോടതി. വഖഫ് നിയമപ്രകാരം കേന്ദ്ര വഖഫ് കൗൺസിലിലേക്കോ സംസ്ഥാന വഖഫ് ബോർഡുകളിലേക്കോ അടുത്ത വാദം കേൾക്കുന്നതു വരെ പുതിയ നിയമനങ്ങൾ നടത്തില്ലെന്ന് കേന്ദ്രത്തിനു വേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത ഉറപ്പു നൽകി. രജിസ്റ്റർ ചെയ്തതോ, വിജ്ഞാപനം വഴി വഖഫ് ആയി പ്രഖ്യാപിച്ചതോ ഉൾപ്പെടെയുള്ള ഒരു വഖഫ് സ്വത്തും ഈ കാലയളവിൽ ഡീ-നോട്ടിഫൈ ചെയ്യില്ലെന്നും കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു. മെയ് 5-നാണ് ഇനി കേസ് പരിഗണിക്കുക. ഹർജികളുടെ എണ്ണം കൂടുതലായതിനാൽ, അഞ്ച് പ്രധാന കേസുകളാകും

മെയ് അഞ്ചിന് പരിഗണിക്കുകയെന്ന് കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ സഞ്ജയ് കുമാർ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

****************************

## VP- SUPREME COURT (INTRO)

ബില്ലുകളിൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്ക് സമയപരിധി നിശ്ചയിച്ച സുപ്രീം കോടതിയുടെ സമീപകാല വിധിയെ ചോദ്യം ചെയ്ത് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഇന്ത്യൻ രാഷ്ട്രപതിയോട് കോടതിക്ക് നിർദ്ദേശിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. ജഡ്ജിമാർ നിയമനിർമ്മാണം നടത്തുകയും, അത് നടപ്പിലാക്കുകയും സൂപ്പർ പാർലമെൻറായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ജനാധിപത്യത്തിനായി ഇന്ത്യ ഇതുവരെ ആവശ്യമുയർത്തിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ രാജ്യസഭാ ഇൻറേണുകളുടെ ആറാം ബാച്ചിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അധികാരം പ്രയോഗിക്കുന്നയാൾ കരുതലും സൂക്ഷ്മതയും പുലർത്തണമെന്നും ശ്രീ ധൻഖർ അഭിപ്രായപ്പെട്ടു.

(വോയിസ്)

****************************

## PM - YAMUNA REVIEW MEETING

യമുന നദിയുടെ ശുചീകരണത്തിനും പുനഃരുജ്ജീവനത്തിനുമുള്ള പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ അവലോകന യോഗം ചേർന്നു. നദിയുടെ ശുചീകരണത്തിനായി ഏജൻസി തിരിച്ചുള്ള കർമ്മ പദ്ധതി യോഗത്തിൽ അവലോകനം ചെയ്തു. അഴുക്കുചാലുകളിലെ ഒഴുക്ക് അളക്കുന്നതിനും മലിനജല സംസ്കരണ പ്ലാൻറുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് സൂക്ഷ്മതലത്തിൽ തൽസ്ഥിതി വിവരശേഖരണം നടത്തണമെന്നും ശ്രീ മോദി നിർദ്ദേശിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

****************************

## ASHWINI - SMARTPHONES

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സ്മാർട്ട്ഫോൺ കയറ്റുമതി രണ്ട് ലക്ഷം കോടി രൂപ റെക്കോർഡ് നിലവാരത്തിലെത്തിയതായി കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രി അശ്വിനി വൈഷ്ണവ്. 2013-14 കാലത്ത് രാജ്യത്തിൻറെ സ്മാർട്ട്ഫോൺ കയറ്റുമതി 167-ാം സ്ഥാനത്തായിരുന്നുവെന്നും ഇപ്പോൾ അത് ഒന്നാം സ്ഥാനത്തെത്തിയതായും അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ആദ്യ പത്ത് മാസങ്ങളിൽ ഇന്ത്യയിലെ ഏറ്റവും വലിയ കയറ്റുമതിയായായാണ് സ്മാർട്ട്ഫോണുകൾ ഉയർന്നു വന്നതെന്നും അദ്ദേഹം പറഞ്ഞു. ഈ മേഖലയിൽ പ്രത്യേകിച്ച്, സ്ത്രീകൾക്കായി ലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും കേന്ദ്ര മന്ത്രി അറിയിച്ചു.

****************************

## CRPF FOUNDATION DAY

2026 മാർച്ച് 31 ഓടെ രാജ്യത്ത് നിന്ന് നക്സലിസം പൂർണ്ണമായും തുടച്ചുനീക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഈ ലക്ഷ്യത്തിനായി സിആർപിഎഫ് ജവാൻമാർ വഹിക്കുന്ന പങ്ക് സുപ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. സിആർപിഎഫിൻറെ 86-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് മധ്യപ്രദേശിലെ നീമുച്ചിൽ നടന്ന പരേഡിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്ര ആഭ്യന്തര മന്ത്രി.

****************************

## MEA HEADQUARTERS AGREEMENT

ഇന്ത്യയും ഇൻറർനാഷണൽ ബിഗ് ക്യാറ്റ് അലയൻസും ഇന്ന് ന്യൂഡൽഹിയിൽ കരാറിൽ ഒപ്പുവച്ചു. കിഴക്കൻ മേഖലയുടെ ചുമതലയുള്ള വിദേശകാര്യ സെക്രട്ടറി പി കുമരനും ഐബിസിഎ ഡയറക്ടർ ജനറൽ ഡോ. എസ്.പി. യാദവും ആണ് കരാറിൽ ഒപ്പുവച്ചത്. കരാർ പ്രകാരം, 2023-24 മുതൽ 2028-29 വരെയുള്ള അഞ്ച് വർഷത്തേക്ക് ഒരു സഞ്ചിതനിധി സൃഷ്ടിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും, ചെലവുകൾ നിറവേറ്റുന്നതിനുമായി സർക്കാർ ഐബിസിഎയ്ക്ക് 150 കോടി രൂപയുടെ ബജറ്റ് പിന്തുണ നൽകും. കടുവ,

സിംഹം, പുള്ളിപ്പുലി, ഹിമപ്പുലി, ചീറ്റ, ജാഗ്വാർ, പ്യൂമ എന്നീ ഏഴ് വലിയ പൂച്ചകളുടെ സംരക്ഷണമാണ് ഐബിസിഎ പ്രധാനമായും ലക്ഷ്യമിടുന്നത്.

***************************

## EVE RAJNATH - DEFENCE (INTRO)

രാജ്യത്തെ പ്രതിരോധ ഉൽപ്പാദനം 2014 ലെ 40,000 കോടി രൂപയിൽ നിന്ന് ഇന്ന് ഒരു ലക്ഷത്തി 27,000 കോടി രൂപയിലധികമായി ഉയർന്നതായിപ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. 2029 ഓടെ മൂന്ന് ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഡിഫൻസ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

പ്രതിരോധ മേഖലയുടെ പുനരുജ്ജീവനവും ശക്തിപ്പെടുത്തലും സർക്കാരിൻറെ ഏറ്റവും വലിയ മുൻഗണനകളിലൊന്നാണെന്ന് അദ്ദേഹം പറഞ്ഞു.

***************************

## GOOD FRIDAY

യേശുക്രിസ്തു തന്റെ ശിഷ്യരോടൊത്ത് അന്ത്യത്താഴം പങ്കിട്ടതിന്റെ ഓർമ്മപുതുക്കി പെസഹാ വ്യാഴം ആചരിച്ച് ക്രൈസ്തവ വിശ്വാസികൾ. രാജ്യത്തെ വിവിധ ക്രൈസ്തവ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയും കാൽകഴുകൽ ശുശ്രൂഷകളും നടന്നു. യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ ഓർമ്മ പുതുക്കി വിശ്വാസികൾ നാളെയാണ് ദു:ഖ വെള്ളി ആചരിക്കുന്നത്.

***************************

## CM-ENTE KERALAM

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉത്ഘാടനം ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ കാസർഗോഡ് നിർവഹിക്കും. എന്റെ കേരളം പ്രദർശന വിപണന മേളയുടെയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. ചടങ്ങിൽ മന്ത്രി കെ രാജൻ അധ്യക്ഷത

വഹിക്കും. ഈ മാസം 21 മുതൽ മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷം സംഘടിപ്പിക്കുന്നത്. വാർഷികാഘോഷ പരിപാടിയുടെ സമാപനം തിരുവനന്തപുരത്തു നടക്കും.

****************************

## MUMBAI-SITHARAMAN (INTRO)

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ സാങ്കേതിക പുരോഗതിയെയും ഇന്ത്യയുടെ സാമ്പത്തിക വികസനത്തിലെ അതിന്റെ നിർണായക പങ്കിനെയും പ്രശംസിച്ച് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഏഷ്യയിലെ ഏറ്റവും പഴക്കം ചെന്ന ഓഹരി വിപണിയായ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ 150-ാം വാർഷികാഘോഷവേളയിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു ധനമന്ത്രി. ചടങ്ങിൽ കേന്ദ്രധനമന്ത്രി ബിഎസ്ഇ 150 സൂചിക പുറത്തിറക്കി. സർക്കാർ ബജറ്റിന്റെ ശ്രദ്ധ സമൂല വളർച്ചയിലാണെന്ന് ധമന്ത്രി പറഞ്ഞു. ഇന്ത്യയുടെ മൂലധന വിപണികൾ വൈവിധ്യപൂർണ്ണവും, ആഗോളതലത്തിൽ സംയോജിതവും, സുരക്ഷിതവും, സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായിരിക്കുമെന്നും ധനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ബിഎസ്ഇയുടെ വിപണി മൂലധനം 400 ലക്ഷം കോടി രൂപയിലെത്തിയെന്നും ഇത് ലോകത്തിലെ ഏറ്റവും മികച്ച ഓഹരി വിപണികളിൽ ഒന്നായി മാറിയെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി.

****************************

## IPL-CRICKET

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്- സൺറൈസേഴ്സ് ഹൈദരാബാദ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ മുംബൈ ഇന്ത്യൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ ബാറ്റിങ്ങിനയച്ചു. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

****************************

## VIZHINJAM - PM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത മാസം 2 ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കുമെന്ന് തുറമുഖവകുപ്പ് മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ലഭിച്ചതായും മന്ത്രി പറഞ്ഞു. 2024 ജൂലൈ 13 മുതലാണ് വിഴിഞ്ഞം തുറമുഖത്ത് ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ വന്നു തുടങ്ങിയത്.

****************************

## PUNJAB-ARMY ARREST

പഞ്ചാബിൽ, കഴിഞ്ഞ മാസം സോഷ്യൽ മീഡിയ ഇൻഫ്ളുവൻസറുടെ വീട്ടിൽ നടന്ന ഗ്രനേഡ് ആക്രമണവുമായി ബന്ധപ്പെട്ട് ജലന്ധർ പോലീസ് ഒരു ജവാനെ അറസ്റ്റ് ചെയ്തു. ഗ്രനേഡ് എറിയുന്നതിനായി പ്രതിക്ക് ഓൺലൈൻ പരിശീലനം നൽകിയതിൽ സൈനികന് പങ്കുണ്ടെന്ന് ജലന്ധർ റൂറൽ സീനിയർ പോലീസ് സൂപ്രണ്ട് ഹർവീന്ദർ സിംഗ് വിർക്ക് പറഞ്ഞു. ജമ്മു കശ്മീരിൽ നിയമിതനായ ജവാനെ ഇന്ന് ജലന്ധർ കോടതിയിൽ ഹാജരാക്കി, അഞ്ച് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

****************************

## ED-ROBERT VADRA

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇന്നും ചോദ്യം ചെയ്തു. തുടർച്ചയായ മൂന്നാം ദിവസമാണ് ഇ ഡി അദ്ദേഹത്തെ ചോദ്യം ചെയ്യുന്നത്. ശ്രീ വാദ്രയുടെ കമ്പനി ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടതാണ് കേസ്.

*

******************

*************************************